## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2824      20/12/2012-ലെ മറുപടിക്ക്

### സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
|---|---|
| [illegible] കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി). |
| എ) യൂണിവേഴ്സിറ്റിയുടെ അംഗീകാരമുള്ള സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകർക്ക് സേവന-വേതന വ്യവസ്ഥകൾ ബാധകമാക്കിക്കൊണ്ടുള്ള എന്തെങ്കിലും ഉത്തരവുണ്ടോ; വ്യക്തമാക്കുമോ; | എ) 26/03/2005-ലെ ജി.ഒ. (എം.എസ്സ്) 23/05/ഉ.വി.വ പ്രകാരം, സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും സേവന വേതന വ്യവസ്ഥകൾ നിഷ്കർഷിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവ് കോഴിക്കോട് സർവ്വകലാശാലയിലും എം.ജി സർവ്വകലാശാലയിലും നടപ്പാക്കിയിട്ടുണ്ട്. |
| ബി) യൂണിവേഴ്സിറ്റി അംഗീകാരമുള്ള സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകർക്ക് നിലവിൽ വേതനം നൽകുന്നത് ആരാണ്; യു.ജി.സി മാനദണ്ഡമനുസരിച്ചുള്ള വേതനം ഇവർക്ക് നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;<br>സി) പല സ്വാശ്രയ കോളേജുകളിലും തുച്ഛമായ വേതനമാണ് ഇവർക്ക് ലഭിയ്ക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | ബി) & സി)<br>അതത് കോളേജ് മാനേജ്മെന്റുകളാണ് ഇപ്പോൾ വേതനം നൽകുന്നത്. സ്വാശ്രയ കോളേജ് അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർക്ക് അർഹമായ വേതനം ലഭിക്കുന്നില്ല എന്നതിനെ സംബന്ധിച്ച് നിരവധി പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് ഗൈഡ് ലൈൻ രൂപീകരിക്കുന്നതിന് കേരള |

സർവ്വകലാശാല വൈസ് ചാൻസലർ ചെയർമാനായും ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായും, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ഡി) സ്വാശ്രയ കോളേജ് അദ്ധ്യാപകർക്ക് പരീക്ഷാ ഇൻവിജിലേഷൻ ഡ്യൂട്ടിക്കും മൂല്യനിർണ്ണയത്തിനും പ്രതിഫലം നൽകുന്നതല്ല എന്ന കോഴിക്കോട് വി.സി. യുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് പിൻവലിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഡി) സ്വാശ്രയ കോളേജ് അദ്ധ്യാപകർക്ക് പരീക്ഷാ ഇൻവിജിലേഷൻ ഡ്യൂട്ടിക്കും മൂല്യ നിർണ്ണയത്തിനും പ്രതിഫലം നൽകുന്നതല്ല എന്ന് നിഷ്കർഷിച്ചുകൊണ്ട് യാതൊരു ഉത്തരവും യൂണിവേഴ്സിറ്റിപുറപ്പെടുവിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**